## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :259** 28-06-2016-ൽ മറുപടിക്ക്

### നെല്ലുസംഭരണം

ചോദ്യം

ശ്രീ. വി.എസ്.അച്ചുതാനന്ദൻ
ശ്രീമതി യു. പ്രതിഭാ ഹരി
ശ്രീ.മുരളി പെരുനെല്ലി
ശ്രീ. ഡി.കെ. മുരളി

ഉത്തരം

ശ്രീ.പി.തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സപ്ലൈകോയുടെ നെല്ലുസംഭരണം കാര്യക്ഷമമല്ലാത്തത് മൂലം നെല്ല് സംഭരണം വൈകുന്നതും, സംഭരിച്ച നെല്ലിന്റെ വില ദീർഘകാലം കുടിശികയായതും നെൽകർഷകരെ കടുത്ത പ്രതിസന്ധിയിലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സപ്ലൈകോയുടെ നെല്ല് സംഭരണം കാര്യക്ഷമമായി തന്നെ നടക്കുന്നു. 2016 മാർച്ച് മാസം വരെയുള്ള കുടിശ്ശിക തീർത്തിട്ടുണ്ട്. ഏപ്രിൽ, മെയ് മാസത്തെ കുടിശ്ശിക തീർക്കുന്നതിന് സർക്കാർ **140.75** കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുണ്ട്. ഈ തുക കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | നെല്ലിന്റെ സംഭരണ വില ഉയർത്താൻ ആലോചിക്കുന്നുണ്ടോ; | (ബി) | നെല്ലിന്റെ സംഭരണ വില സംബന്ധിച്ച് നയപരമായ തീരുമാനം എടുക്കേണ്ടത് കൃഷി വകുപ്പാണ്. |
| (സി) | രൊക്കം പണം നൽകി നെല്ല് സംഭരിക്കാൻ വേണ്ട നടപടി എടുക്കുമോ; | (സി) | സാധ്യത പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | സർക്കാർ മേഖലയിൽ അരിമില്ലുകൾ സ്ഥാപിക്കുമെന്ന മുൻ സർക്കാരിന്റെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നോ; | (ഡി) & (ഇ) | 2013-14 ബജറ്റ് പ്രസംഗത്തിൽ, സംഭരിച്ച നെല്ല് അരിയാക്കി വിപണനം ചെയ്യുന്നതിന് വയനാട്, കുട്ടനാട്, പാലക്കാട് എന്നിവിടങ്ങളിൽ സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ ഓരോ അരിമില്ലുകൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ തുടർനടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ആവശ്യമെങ്കിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ